LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ഒരു കിയോസ്കിന് 3.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ സംസ്ഥാന സർക്കാരിൽനിന്നും പുതിയ ഭരണാനുമതി നൽകിയ ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട്ലെറ്റിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ആദ്യത്തെ ഔട്ട്ലെറ്റ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു.

(സി) ഒരു ഔട്ട്ലെറ്റിൽനിന്നും ആഴ്ചയിൽ 2,62,500 രൂപയുടെ വിറ്റ് വരവ് ലക്ഷ്യമിട്ടിരുന്നു. എന്നാൽ കൊച്ചിയിലെ പ്രീമിയം ഔട്ട്ലെറ്റുവഴി നാളിതുവരെ 3,68,722 രൂപയുടെ വിറ്റുവരവ് നടന്നിട്ടുണ്ട്.

മറൈൻ ആംബുലൻസ്

175 (2002) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് കേന്ദ്രങ്ങളിൽ മറൈൻ ആംബുലൻസ് ഏർപ്പെടുത്തുമെന്ന 2013-14-ലെ ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ പ്രാവർത്തികമായിട്ടുണ്ട് ; അപകടത്തിൽപ്പെട്ട എത്രപേരെ പ്രസ്തുത സംവിധാനംവഴി രക്ഷിക്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. കടൽരക്ഷാ പ്രവർത്തനങ്ങൾക്കായുള്ള മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ മൂന്ന് കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, രണ്ട് കോടി രൂപ നിരക്കിൽ മൂന്ന് മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനായി ആറ് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തെ ബഡ്ജറ്റിൽ ടി പദ്ധതിക്കായി ആവശ്യമായ തുക വകയിരുത്തിയിട്ടില്ല.